**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4641** **10-08-2021 - ൽ മറുപടിയ്ക്ക്**

**എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എല്ലാ ജില്ലകളിലും സേഫ് കേരള ഓഫീസുകൾ തുടങ്ങുന്നതിനായി കെൽട്രോണിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, പാലക്കാട്, കോട്ടയം എന്നീ ആറ് ഓഫീസുകളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | ആർ.ടി.ഒ.-എസ്.ആർ.ടി.ഒ. ഓഫീസുകളിലെ ഉദ്യോഗസ്ഥർ കേസെഴുതിയാൽ കേസിനെ സംബന്ധിച്ച പ്രിന്റഡ് റസീപ്റ്റ് പലപ്പോഴും നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-പോസ് മെഷീൻ പ്രിന്റർ ഇല്ലാത്തതാണ് കാരണമെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇ-പോസ് മെഷീൻ വാങ്ങി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മോട്ടോർ വാഹന വകുപ്പിൽ എത്ര കോടി രൂപയുടെ നികുതിക്കുടിശ്ശികയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക ജില്ല തിരിച്ച് താഴെ നൽകുന്നു. Trivandrum - 51.44 Cr., Kollam - 68.08 Cr., Pathanamthitta - 20.05 Cr., Alappuzha - 9.73 Cr., Idukki - 11.16 Cr., Kottayam - 39.21 Cr., Ernakulam - 129.58 Cr., Thrissur - 141.99 Cr., Palakkad - 54.9 Cr., Malappuram - 106.75 Cr., Kozhikode - 33.58 Cr., Wayanad - 7.76 Cr., Kannur - 67.05 Cr., Kasargod - 30.89 Cr., Total Amount - 772.17 Cr. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട തഹസീൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ